LIBRARY ARCHIVES Kerala Legislative Assembly

കേരള വിനോദസഞ്ചാര നിയമം

42 [3386] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ കേരള വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണവും പരിപാലനവും നിയമം എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത നിയമം വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് കഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 ഫെബ്രുവരി 9-ാം തീയതി നിലവിൽ വന്നു.

(ബി) നിയമത്തിൽ അനുശാസിക്കും പ്രകാരം പ്രത്യേക വിനോദ സഞ്ചാര മേഖലകൾ പ്രഖ്യാപിക്കുന്നതിനും വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി ആന്റ് ഡി) ഇല്ല. ഇത് സംബന്ധിച്ച ചട്ടങ്ങൾ എത്രയും വേഗം പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ഘടന

43 [3387] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ഘടന എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കൗൺസിലിന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലാ കൗൺസിലുകൾ യോഗം ചേർന്നതിന്റെ വിശദവിവരം നൽകുമോ;

(ഡി) കൗൺസിലുകൾവഴി ടൂറിസം രംഗത്തുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഇ) കൗൺസിലുകളുടെ വരുമാന സ്രോതസ്സും വിനിയോഗിച്ച തുകയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നതാണ് ഡി.ടി.പി.സി.-കളുടെ ഘടന. ഗവേണിംഗ് ബോഡിയിലും, എക്സിക്യൂട്ടീവ് കമ്മിറ്റിയിലും എം.എൽ.എ./എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ ടൂറിസം രംഗത്തെ പ്രമുഖ വ്യക്തികളും സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്നു.

(ബി) ജില്ലാതലത്തിലുള്ള വിവിധ ടൂറിസം പദ്ധതികൾ നിർവഹിക്കൽ, ടൂറിസം ക്ലബുകളുടെ രൂപീകരണം, ടൂറിസം ബോധവൽക്കരണ പ്രവർത്തനം, ഹോംസ്റ്റേ സംവിധാനത്തിന്റെ ഏകോപനം, ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ മോണിറ്ററിംഗിന് നോഡൽ ഏജൻസികളായി പ്രവർത്തിക്കുക, ടൂറിസം പദ്ധതിയിൽ നടപ്പിലാക്കുന്ന എല്ലാ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തുക, ജില്ലാ തലത്തിൽ സ്വകാര്യ ടൂറിസം സംരംഭകരുമായി ബന്ധം പുലർത്തുക, ജില്ലയുടെ ടൂറിസം വികസനത്തിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയാണ് ഡി.ടി.പി.സി.-കളുടെ ലക്ഷ്യവും പ്രവർത്തനങ്ങളും.

(സി)

ജില്ല	*യോഗങ്ങളുടെ എണ്ണം*
തിരുവനന്തപുരം	22
കൊല്ലം	10
പത്തനംതിട്ട	13
ആലപ്പുഴ	22
കോട്ടയം	18
എറണാകുളം	35
ഇടുക്കി	18
തൃശ്ശൂർ	23
പാലക്കാട്	14
മലപ്പുറം	15
കോഴിക്കോട്	18
വയനാട്	33
കണ്ണൂർ	18
കാസർകോഡ്	21

(ഡി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനും ജില്ലാതല ടൂറിസം പദ്ധതികൾക്ക് നേതൃത്വം നൽകാനും, ടൂറിസം ബോധവൽക്കരണം, ടൂറിസം ക്ലബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും കൂടാതെ സ്വകാര്യ മേഖലയുമായി സഹകരിച്ച് ജില്ലാതല ടൂറിസം പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും കൗൺസിലുകൾ വഴി സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടൂറിസം വകുപ്പ് നൽകുന്ന ഫണ്ട്, അവ ഉപയോഗിച്ച് ആരംഭിച്ചിട്ടുള്ള വിവിധ ടൂറിസം യൂണിറ്റുകളിൽനിന്നുള്ള വരവ് മുതലായവയാണ് ഡി.ടി.പി.സി.-കളുടെ വരുമാന സ്രോതസ്സ്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി മൊത്തം 11,03,24,562 രൂപ 14 ഡി.ടി.പി.സി.-കൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. വിനിയോഗിച്ച തുകയുടെ കണക്ക് ശേഖരിച്ചു നല്കുന്നതാണ്.

വാട്ടർ സ്പോർട്സിനുള്ള സൗകര്യം ഉണ്ടാക്കാൻ നടപടി

44 [3388] ശ്രീ. എം. എം. ഹസ്സൻ:

„ ജി. കാർത്തികേയൻ:

„ എം. മുരളി:

ശ്രീമതി ശോഭനാജോർജ്ജ്:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസവുമായി ബന്ധപ്പെട്ട് വാട്ടർ സ്പോർട്സിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) വാട്ടർ സ്പോർട്സിനുള്ള സൗകര്യം കായൽ ടൂറിസവുമായി ബന്ധപ്പെടുത്തി ഉണ്ടാക്കാത്തപക്ഷം അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കൊതുമ്പുവള്ളങ്ങൾ, ചെറിയ ചുരുളൻ വള്ളങ്ങൾ, ചെറിയ ഓടിവള്ളങ്ങൾ എന്നിവ സജ്ജീകരിച്ച് വിനോദസഞ്ചാരികൾക്ക് തന്നെ തുഴയുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) ഇത് പ്രയോജനകരമാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. വേളി, കോവളം, ആക്കുളം, കാപ്പിൽ, കൊല്ലം, ആലപ്പുഴ, കുമരകം, എറണാകുളം, ചേറ്റുവ, മലപ്പുറം, മലമ്പുഴ, കോടിമാത, വലിയപറമ്പ്, പറശ്ശിനിക്കടവ്, മുഴുപ്പിലങ്ങാട് എന്നിവിടങ്ങളിലാണ് വാട്ടർ സ്പോർട്സിനുള്ള സൗകര്യം ഉണ്ടാക്കിയിട്ടുള്ളത്.

(സി) പ്രധാന കായൽത്തീര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്വകാര്യമേഖലയിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമാണ്.

(ഡി) പ്രയോജനകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly